സംസ്ഥാന വൈദ്യുതി ബോർഡിന് കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ, റസ്റ്റ് ഹൗസുകൾ, ഐ. സി. കൾ

31 [3171] ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. സി. ജോസഫ്:
,, കെ. എ. ചന്ദ്രൻ :
,, ടി. എൻ. പ്രതാപൻ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് എത്ര ഗസ്റ്റ് ഹൗസുകൾ, റസ്റ്റ് ഹൗസുകൾ, ഐ. സി. കൾ മറ്റതിഥി മന്ദിരങ്ങൾ എന്നിവയുണ്ട്;

(ബി) ഇവയുടെ നടത്തിപ്പിനായി പ്രതിവർഷം എന്തു തുക ചിലവ് വരും;

(സി) ഇവയിൽ നിന്ന് പ്രതിവർഷം എന്തു വരവുണ്ടാകുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവയിൽ താമസിക്കാനുള്ള സൗകര്യം എല്ലാ ദിവസവും പൂർണ്ണമായി ഉപയോഗപ്പെടുത്താറുണ്ടോ;

(ഇ) ഈ അതിഥി മന്ദിരങ്ങളിൽ താമസിക്കുന്നവർക്ക് എന്തെങ്കിലും സൗജന്യം അനുവദിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എത്ര വീതം എന്ന് വ്യക്തമാക്കുമോ;

(ജി) ഇവ സ്വകാര്യവത്കരിക്കുന്നതുമൂലം ബോർഡിന് ഇവയിൽ നിന്ന് വരവുണ്ടാകുമോ;

(എച്ച്) എങ്കിൽ സ്വകാര്യവത്കരിക്കുമോ;

(ഐ) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 42 ഐ. സി. കളും 3 റസ്റ്റ് ഹൗസുകളും ഒരു സർക്യൂട്ട് ഹൗസും ഉണ്ട്.

(ബി) ഏകദേശം 31,15,338 രൂപ.

(സി) ഏകദേശം 7,68,407 രൂപ.

(ഡി) പരമാവധി ഉപയോഗപ്പെടുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ, എഫ്) ഉണ്ട്. വിവിധ കാറ്റഗറികൾക്ക് വിവിധ വാടക നിരക്കുകളാണ് നിശ്ചയിച്ചിട്ടുള്ളത്. ഗവർണർ, മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, മുൻ ഗവർണർമാർ, മുൻ മുഖ്യമന്ത്രിമാർ, മുൻ വൈദ്യുതി വകുപ്പ് മന്ത്രിമാർ, ബോർഡിലെ അനൗദ്യോഗിക അംഗം എന്നിവർക്ക് താമസ സൗകര്യം സൗജന്യമാണ്.

(ജി—ഐ) ഇവ സ്വകാര്യവത്കരിക്കുന്ന കാര്യം പരിഗണനയിലില്ല.

എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

32 [3172] ശ്രീ. സി. ടി. അഹമ്മദ് അലി:
„ സി. മമ്മൂട്ടി:
„ ടി. പി. എം. താഹിർ :
„ സി. മോയിൻകുട്ടി:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കാസർഗോഡ്, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ ഇലക്ട്രിസിറ്റി വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിൽ എത്ര ഒഴിവുകൾ നികത്താനുണ്ട്;

(ബി) കെ. എസ്. ഇ. ബി. എഞ്ചിനീയർമാരുടെ കുറവ് കാരണം പ്രസ്തുത ജില്ലകളിൽ പ്രവൃത്തികൾ മുടങ്ങുകയോ പൂർത്തിയാക്കപ്പെടാതെ കിടക്കുകയോ ചെയ്യുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഒഴിവുകൾ മുഴുവൻ നികത്തുന്നതിന് പുതിയ നിയമനങ്ങൾ നടത്താൻ ബോർഡിന് സാമ്പത്തിക ബുദ്ധിമുട്ടായതിനാൽ നിലവിലുള്ള ഒഴിവുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായി പ്രൊമോട്ട് ചെയ്ത് നിയമിക്കുന്നതിന് ഗവൺമെന്റ് അടിയന്തിരമായി നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 167-ഉം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ 37 ഒഴിവുകളും നികത്താനുണ്ട്. ഒഴിവുകൾ താഴെ ചേർക്കുന്നു:

	അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
മലപ്പുറം	51	13
കാസർഗോഡ്	41	7
കോഴിക്കോട്	54	12
വയനാട്	21	5

LIBRARY ARCHIVES Kerala Legislative Assembly